പത്രക്കുറിപ്പ്

# എം.ബി.ബി.എസ്, മെഡിക്കൽ പി.ജി തുടങ്ങിയ ഉന്നത മെഡിക്കൽ വിദ്യാഭ്യാസ അഡ്മിഷന്റെ പേരിൽ ലക്ഷങ്ങൾ തട്ടിപ്പ് നടത്തിയ ആൾ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 242 പേർക്കെതിരെ നിയമനടപടി 77,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം: എം.ബി.ബി.എസ്, മെഡിക്കൽ പി.ജി തുടങ്ങിയ ഉന്നത മെഡിക്കൽ വിദ്യാഭ്യാസ അഡ്മിഷന്റെ പേരിൽ ലക്ഷങ്ങൾ തട്ടിപ്പ് നടത്തിയ ആൾ പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കഴക്കൂട്ടം കരിയിൽ ദേശത്ത് എസ്.എ നിവാസിൽ അൽഹാദ് (42) നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. വർക്കല നാവയികുളം ചാവർകോട് ശിവാനന്ദം വീട്ടിൽ നിന്നും വഞ്ചിയൂർ പെരുംതാന്നി മാനവനഗറിൽ താമസം രമ്യ വേണു, തിരുവനന്തപുരം സ്വദേശികളായ മറ്റു രണ്ടു പെൺകുട്ടികൾ എന്നിവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് വഞ്ചിയൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. കർണ്ണാടകയിലെ രാമയ്യ



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത അൽഹാദ് (42)

മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള കോളേജുകളിലേക്ക് എം.ബി.ബി.എസിന് സീറ്റ് വാങ്ങി നൽകാം എന്ന ഉറപ്പിൻ മേൽ ഓരോരുത്തരിൽ നിന്നും പത്ത് ലക്ഷം രൂപ വീതം വാങ്ങിയ ശേഷം ഇയാൾ മുങ്ങുകയായിരുന്നു. എം.ബി.ബി.എസ്, മെഡിക്കൽ പി.ജി സീറ്റുകൾ തുടങ്ങി ഒട്ടുമിക്ക ഉന്നത വിദ്യാഭ്യാസ സീറ്റുകളിലേക്കും അഡ്മിഷൻ വാങ്ങി നല്കാമെന്ന് പറഞ്ഞ് നിരവധി ആളുകളിൽ നിന്നും ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയതായി തെളിഞ്ഞിട്ടുണ്ട്. ഇയാൾക്കെതിരെ കേരളത്തിലെ മറ്റു പോലീസ് സ്റ്റേഷനുകളിൽ സമാനമായ കേസ്സുകൾ നിലവിലുണ്ടോ എന്ന് പോലീസ് പരിശോധിച്ച് വരികയാണെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ഇയാളെ പിടികൂടുന്നതിനായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം), ഡോ.ദിവ്യ.ആർ.ഗോപിനാഥിന്റെ നിർദ്ദേശാനുസരണം വഞ്ചിയൂർ എസ്.എച്ച്.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നല്കുകയായിരുന്നു. തുടർന്ന് പ്രത്യേക അന്വേഷണ സംഘം നിരന്തരമായി നടത്തിയ അന്വേഷണത്തിലാണ് ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ പിടകൂടാൻ സാധിച്ചത്. ഇയാളുടെ തട്ടിപ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പോലീസ് ശേഖരിച്ചു വരുന്നു. വഞ്ചിയൂർ എസ്.എച്ച്.ഒ നിസാം എസ്. ആർ, എസ്.ഐ മാരായ ഉമേഷ്.എം, സുരേഷ്കുമാർ, എ.എസ്,ഐ അനിൽകുമാർ, സി.പി.ഒ ശിവകുമാർ എന്നിവരാണ് അന്വേഷണത്തിനും, അറസ്റ്റിനും നേതൃത്വം നല്കിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (28.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 242 പേർക്കെതിരെ

നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 77 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 149 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 6 പേരിൽ നിന്നുമായി 77,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 8 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കുമെതിരെ ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

28-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി